File No.FWLD-A2/86/2019-FWLD

2472
4/2/20

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

നോർത്ത് വയനാട് ഡിവിഷനിലെ പേര്യ റെയിഞ്ചിൽപ്പെട്ട വരയാൽ സ്റ്റേഷൻ പരിധിയിൽ ഉൾപ്പെട്ട വനഭൂമിയിലെ അനധികൃത കൈയ്യേറ്റം - കുറ്റാരോപിതരിൽ നിന്നും നഷ്ടം ഈടാക്കുന്നതിന് വീഴ്ച വരുത്തിയത് - ശ്രീമതി.സി.വസന്തകുമാരി അഡ്മിനിസ്റ്റേറ്റീവ് അസിസ്റ്റന്റി (റിട്ട. ) നെതിരെ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.459/2019/വനം** തീയതി,തിരുവനന്തപുരം, 13/11/2019

---

പരാമർശം:- 1 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം.ഐ.എസ്.)-ന്റെ 26.03.2011-ലെ ബി1-40629/98 നമ്പർ ഉത്തരവ്.

2 സർക്കാരിന്റെ 22.10.2012-ലെ 3404/എ2/12/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക

3 ശ്രീമതി.സി.വസന്തകുമാരി 17.11.2012, 08.01.2017 തീയതികളിൽ സമർപ്പിച്ച പ്രതിവാദപത്രിക.

4 സർക്കാരിന്റെ 20.10.2016-ലെ 3404/എ2/12/വനം നമ്പർ കാരണംകാണിക്കൽ നോട്ടീസ്

5 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ 21.11.2017-ലെ ബി1-40629/08 നമ്പർ കത്ത്.

6 കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 03.09.2019-ലെ എ1-2/21/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

നോർത്ത് വയനാട് ഡിവിഷനിലെ പേര്യ റെയിഞ്ചിൽപ്പെട്ടതും വരയാൽ സ്റ്റേഷൻ പരിധിയിൽ ഉള്ളതുമായ വി.എഫ്.സി. ഐറ്റം 11 ലെ വരയാൽ വില്ലേജിലെ സർവ്വേ നമ്പർ 5 / 1 എ യിലെ വനഭൂമിയിൽ നടന്ന അനധികൃത കയ്യേറ്റം ഒഴിവാക്കുന്നതിന്/ഒഴിപ്പിക്കുന്നതിന് പരാജയപ്പെട്ടതിന് ശ്രീ.കെ.എ.ജോസഫ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ 8 ജീവനക്കാർക്കെതിരെ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി, പരാമർശം (1) പ്രകാരം ഭരണ വിഭാഗം അഡീഷണൽ

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചു. ഈ വിഷയത്തിൽ നടത്തപ്പെട്ട ഔപചാരിക അന്വേഷണത്തിലെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ തെളിഞ്ഞ കുറ്റത്തിന് ആനുപാതികമായി ശ്രീ.കെ.എ.ജോസഫിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയുന്നതിന് തുല്യമായ തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ച് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അച്ചടക്ക നടപടി തീർപ്പാക്കി. എന്നാൽ 30.11.2007 ൽ റിട്ടയർ ചെയ്ത ശ്രീ.കെ.എ.ജോസഫിന്റെ ഡി.സി.ആർ.ജി വിട്ടുനൽകുന്നതിന് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് നൽകിയതിനാൽ ടിയാന്റെ ഡി.സി.ആർ.ജിയിൽ നിന്നും മേൽ തുക ഈടാക്കാൻ കഴിയില്ല എന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു.

2)ഇപ്രകാരം ശ്രീ.കെ.എ.ജോസഫിന് എൻ.എൽ.സി നൽകിയതുമായി ബന്ധപ്പെട്ട് അന്നത്തെ തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.സി.വസന്തകുമാരിക്ക് എതിരെ പരാമർശം ( 2 ) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു. ടിയാൾ പരാമർ ശം ( 3 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി.സി.വസന്തകുമാരി റിട്ടയർ ചെയ്യുന്നതിനു മുമ്പ് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുള്ള സാഹചര്യത്തിൽ ടിയാൾക്കെതിരെ ആരംഭിച്ച വകുപ്പുതല നടപടി കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം തുടരുന്നതിന് തീരുമാനിക്കുകയും ടിയാളുടെ പെൻഷനിൽ നിന്നും 400/- രൂപ ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം ( 4 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

3)കാരണം കാണിക്കൽ നോട്ടീസിനു ശ്രീമതി.വസന്തകുമാരി പരാമർശം (3)-ലെ 08.01.2017 തീയതിയിൽ സമർപ്പിച്ച പ്രതിവാദപത്രികയും ആയതിന് പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച അഭിപ്രായവും സർക്കാർ വിശദമായി പരിശോധിച്ചു. പ്രതിവാദപത്രികയിൽ ശിക്ഷ റദ്ദാക്കുന്നതിനു ഉപോൽബലകമായ കാരണം ഇല്ലാതിരുന്ന സാഹചര്യത്തിൽ ശ്രീമതി.വസന്തകുമാരിയ്ക്കെതിരെ അച്ചടക്ക നടപടിയിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനു മുൻപായി സ്വഭാവിക നീതി അനുവദിക്കുന്നതിലേക്കായി നേരിൽ കേൾക്കുന്നതിന് രണ്ട് അവസരം നൽകിയെങ്കിലും ടിയാൾ ഹാജരായില്ല. ആരോഗ്യകാരണങ്ങളാൽ ഹാജരാകുവാൻ സാധിക്കില്ലെന്നും കാരണം കാണിക്കൽ നോട്ടീസിൽ നൽകിയ വിശദീകരണത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ ഒന്നും ബോധിപ്പിക്കാനില്ലെന്നും ശ്രീമതി.വസന്തകുമാരി അറിയിക്കുകയുണ്ടായി.തുടർന്ന് കാരണം കാണിക്കൽ നോട്ടീസിൽ താൽക്കാലികമായി തീരുമാനിച്ച ശിക്ഷ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച് പി.എസ്.സി യുടെ ഉപദേശം തേടുകയുണ്ടായി. ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും പരാമർശം (6) പ്രകാരം സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

4)മേൽ സാഹചര്യത്തിൽ ശ്രീമതി.സി.വസന്തകുമാരി, റിട്ടയേർഡ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 400/- രൂപ ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിന് പരാമർശം (4) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr.ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീമതി.സി.വസന്തകുമാരി, റിട്ടയേർഡ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.11.14 16:03:09 IST
Reason: Approved

സെക്ഷൻ ഓഫീസർ